# എറണാകുളം ജില്ലാ കളക്ടറുടെ നടപടി ക്രമം

(ഹാജർ ശ്രീ. കെ. മൊഹമ്മദ്.വൈ.സഫിരുള്ള ഐ.എ.എസ്.)

നമ്പർ. സി.12.1411/16

തീയതി 25.02.2017

**വിഷയം:-** കൊച്ചി മെട്രോ-വൈറ്റില പേട്ട റോഡ് വികസനം- പൊന്നുംവില നടപടി- വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

**സൂചന :-** വിദഗ്ദ്ധ സമിതിയുടെ 25.02.2017 ലെ ശുപാർശ.

കൊച്ചി മെട്രോയുടെ ഭാഗമായി വൈറ്റില- പേട്ട റോഡ് വികസനത്തിനുവേണ്ടിയുള്ള സാമൂഹ്യ പ്രത്യഘാത വിലയിരുത്തൽ പഠനം സംബന്ധിച്ച് ചുമതലപ്പെടുത്തിയിരുന്ന എസ്.ഐ.എ യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ജില്ലാതല വിദഗ്ദ്ധ സമിതി ഏകകണ്ഠമായി, 20.02.2017 ൽ ചേരുകയും. ടി. പദ്ധതി അവാജ്യമായ ഒരു പൊതു ആവശ്യത്തിനുള്ളതാണെന്നുള്ളതുകൊണ്ടും പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ അതുമൂലമുണ്ടാകുന്ന സാമൂഹ്യ ചെലവുകളേയും പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നുമുള്ള വിലയിരുത്തലിൻെറ അടിസ്ഥനത്തിലും ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സൂചനപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിലും പ്രോജക്ടിന് ആവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളുവെന്നതിനാലും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അപ്പാടെ അംഗീകരിച്ചുകൊണ്ട് ടി. പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് ഇതിനാൽ തീരുമാനമായി ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാകളക്ടർ

//ഉത്തരവിൻപ്രകാരം//

ഡെപ്യൂട്ടി കളക്ടർ(എൽ.എ.) കൊച്ചി മെട്രോ റയിൽ പ്രോജക്ട്